Sectt. 37. 3/4/2008/5 Lakh. GPM. © Govt. of Kerala

# GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - കെട്ടിട നിർമ്മാണ ചട്ടങ്ങൾ - കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 157-ാം ചട്ടം പ്രകാരം അനധികൃത കെട്ടിട നിർമ്മാണങ്ങൾ, തടയുന്നതിന് വേണ്ടി ജില്ലാതല വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ. എ)വകുപ്പ്

സ.ഉ. (എം. എസ്.) നം. 154/2009/തസ്വഭവ. തിരുവനന്തപുരം, തീയതി: 4/8/2009.

---

പരാമർശം: ചീഫ് ടൗൺ പ്ലാനറുടെ 15/12/2008 ലെ എ.4/9888/2008 -ാം നമ്പർ കത്ത്.

## ഉത്തരവ്

1999 - ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 157-ാം ചട്ടം പ്രകാരം അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ജില്ലാതലത്തിൽ വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ മേൽ പരാമർശ കത്തു പ്രകാരം ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സംസ്ഥാനത്തെ നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനുമായി കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999 157-ാം ചട്ട പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരടങ്ങിയ വിജിലൻസ് സ്ക്വാഡ് എല്ലാ ജില്ലകളിലും രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാതല വിജിലൻസ് സ്ക്വാഡിലെ അംഗങ്ങളായി താഴെപറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിരിക്കുന്നു.

1) ജില്ലയിൽ അധികാരിതയുള്ള മുൻസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ.
2) പ്രസ്തുത ജില്ലയുടെ ചുമതലയുള്ള ജില്ലാ ടൗൺ പ്ലാനർ.
3) പഞ്ചായത്ത് വകുപ്പിന്റെ ജില്ലാ അധികാരിയായ ഡെപ്യൂട്ടി ഡയറക്ടർ.
4) കാലാകാലങ്ങളിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥർ.

3) ജില്ലയിൽ നടക്കുന്ന എല്ലാ നിയമ വിരുദ്ധ നിർമ്മാണങ്ങളും കണ്ടുപിടിക്കുവാൻ പരിശോധന നടത്തുകയും അടിയന്തിരമായി അത്തരം പണികൾ തടയുന്നതിനും നിർത്തി വയ്പിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുകയുമാണ് ജില്ലാതല വിജിലൻസ് സ്ക്വാഡിന്റെ മുഖ്യചുമതല. ഇതിനായി ആവശ്യമെന്നു കണ്ടാൽ ജില്ലയിലെ പോലീസ് ഓഫീസറുടെ സഹായം തേടാവുന്നതാണ്. പ്രസ്തുത വിജിലൻസ് സ്ക്വാഡിന്റെ ശ്രദ്ധയിൽ വരുന്ന അനധികൃത നിർമ്മാണങ്ങളുടെയും അവയ്ക്കെതിരെ സ്വീകരിച്ച നടപടികളുടെയും വിശദമായ റിപ്പോർട്ട് ഓരോ മാസവും സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ (കൊല്ലം/കൊച്ചി/കോഴിക്കോട്)
സൂപ്രണ്ട് ഓഫ് പോലീസ് (എല്ലാ ജില്ലകൾക്കും)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (എല്ലാ ജില്ലകൾക്കും)
സെക്രട്ടറി, കോർപറേഷൻ, (തിരുവനന്തപുരം/കൊല്ലം/കൊച്ചി/തൃശൂർ/ കോഴിക്കോട്)
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും,
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശസ്വയം ഭരണ (ആർ. ഡി.) വകുപ്പ്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ